പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2014-2016)

## ഇരുപത്തിഎട്ടാമത് റിപ്പോർട്ട്

(2015 ഡിസംബർ മാസം 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2014-16)-യുടെ അച്ചൻകോവിൽ ആദിവാസികോളനി സന്ദർശനം സംബന്ധിച്ച പതിനൊന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

**ഇരുപത്തിഎട്ടാമത് റിപ്പോർട്ട്**

(2015 ഡിസംബർ മാസം 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2014-16)-യുടെ അച്ചൻകോവിൽ ആദിവാസികോളനി സന്ദർശനം സംബന്ധിച്ച പതിനൊന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

1322/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| അദ്ധ്യായം I : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 2 |

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വി. പി. സജീന്ദ്രൻ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അജിത്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. സി. കെ. സദാശിവൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വി. ശശി

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

ശ്രീ. കെ. വി. വിജയദാസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സി. അജിത്, അണ്ടർ സെക്രട്ടറി.

# ആമുഖം

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഇരുപത്തിഎട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 നവംബർ മാസം 25-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. പി. സജീന്ദ്രൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 3.

# റിപ്പോർട്ട്

## അദ്ധ്യായം I

കൊല്ലം ജില്ലയിലെ അച്ചൻകോവിൽ ആദിവാസി കോളനി സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2014-16)-യുടെ പതിനൊന്നാമത് റിപ്പോർട്ട് 2014 ജൂൺ 19-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. ജീവിതത്തിന്റെ സമസ്ത മേഖലകളിലും അവഗണനയും ദുരിതങ്ങളും അനുഭവിക്കാൻ വിധിക്കപ്പെട്ട ഒരു ജനവിഭാഗത്തിന്റെ പ്രശ്നങ്ങൾക്ക് ഒരുപരിധിവരെ പരിഹാരം കാണുന്നതിനായി, സമിതി നടത്തിയ പഠനത്തിന്റെയും സന്ദർശനത്തിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രസ്തുത റിപ്പോർട്ടിൽ ആകെ 33 ശിപാർശകളാണ് ഉൾക്കൊള്ളിച്ചിരുന്നത്.

2. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിനും അതു സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കുന്നതിലേക്കുമായി റിപ്പോർട്ടിന്റെ പകർപ്പുകൾ സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയുണ്ടായി. ആയതിൻപ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വികസനം, തദ്ദേശസ്വയംഭരണം, ജലവിഭവം, ഊർജ്ജം, ആരോഗ്യവും കുടുംബക്ഷേമവും, പൊതുവിദ്യാഭ്യാസം, സാമൂഹ്യനീതി, ഗതാഗതം, വനം-വന്യജീവി, റവന്യൂ, കൃഷി, ആഭ്യന്തരം, സഹകരണം, പൊതുമരാമത്ത് എന്നീ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ 25-2-2015, 12-8-2015, 19-8-2015, 15-9-2015, 7-10-2015 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗങ്ങൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. സമിതി (2014-16)-യുടെ പതിനൊന്നാമത് റിപ്പോർട്ടിലെ 33 ശിപാർശകൾ, അവയ്ക്ക് ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## പതിനൊന്നാമത് റിപ്പോർട്ടിലെ ശിപാർശകൾ, വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ സംബന്ധിച്ച വിശദാംശം

(റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

### ശിപാർശ നമ്പർ 1 (ഖണ്ഡിക നമ്പർ 20)

ഇനിയും വീടുനിർമ്മിച്ചു നൽകിയിട്ടില്ലാത്ത എല്ലാ കുടുംബങ്ങൾക്കും വാസയോഗ്യമായ വീട് നിർമ്മിച്ചു നൽകുന്നതിന് ദ്രുതഗതിയിലുള്ള നടപടിയുണ്ടാകണമെന്നും കൂടാതെ കാലപ്പഴക്കത്താൽ നാശോന്മുഖമായ എല്ലാ വീടുകളും പുനർനിർമ്മിച്ചു നൽകണമെന്നും എല്ലാ വീടുകളിലും ശൗചാലയങ്ങൾ നിർമ്മിച്ചു നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(11-8-2015-ലെ 16234/ഇ 1/14/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജനറൽ ഹൗസിംഗ് പദ്ധതി, ഹഡ്കോ വായ്പ മുഖേനയുള്ള ഭവനനിർമ്മാണ പദ്ധതി, അഡീഷണൽ ട്രൈബൽ സബ് പ്ലാൻ ഭവന നിർമ്മാണ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തിയും ത്രിതല പഞ്ചായത്തുകൾ വഴിയും അച്ചൻകോവിലിലെ ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും സർക്കാരിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായി ശൗചാലയം ഉൾപ്പെടെയുള്ള വീട് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അച്ചൻകോവിൽ പട്ടികവർഗ്ഗ കോളനിയിലെ നിലവിൽ ശൗചാലയങ്ങൾ ഇല്ലാത്ത എല്ലാ വീടുകൾക്കും ശൗചാലയം വകുപ്പ് മുഖേനയും ത്രിതല പഞ്ചായത്ത് മുഖേനയും പണിയുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

(ബി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി

(18-8-2015-ലെ 11708/ഡി.ബി2/15/തസ്വഭവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ അച്ചൻകോവിൽ പട്ടികവർഗ്ഗ കോളനിയിൽ നിലവിൽ 161 കുടുംബങ്ങളാണ് ഉള്ളത്. ഇതിൽ നിലവിൽ 74 കുടുംബങ്ങൾ ഭവനരഹിതരാണ്. മേൽപ്പറഞ്ഞ 74 കുടുംബങ്ങളിൽ 32 കുടുംബങ്ങൾക്ക് 2008-09 മുതൽ ഇ.എം.എസ്., ഐ.എ.വൈ. ഭവനനിർമ്മാണ പദ്ധതികളിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചിട്ടുള്ളതുമാണ്. എന്നാൽ ഇവരാരും തന്നെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. അടിസ്ഥാനം, കട്ടിള മട്ടം, ഭിത്തി മട്ടം എന്നിങ്ങനെ വിവിധ ഘട്ടങ്ങളിൽ നിർമ്മാണം നിലച്ചവയാണ്

മേൽപ്പറഞ്ഞവ. ഗ്രാമപഞ്ചായത്തിന്റെ 12-ാം പഞ്ചവത്സര പദ്ധതി കാലയളവിലേക്ക് തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃലിസ്റ്റിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ ഭവനരഹിതരായി 42 പേരും, ഭവനപുനരുദ്ധാരണത്തിനായി 16 പേരും, കക്കൂസ് നിർമ്മാണത്തിനായി 81 പേരും ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 8 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചതിൽ 7 പേർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 5 പേർക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി ആളുകൾ നിർമ്മാണം ആരംഭിച്ചിട്ടില്ല. ഐ.എ.വൈ. ഭവനനിർമ്മാണ പദ്ധതിപ്രകാരം 2015-16 സാമ്പത്തിക വർഷം 6 കുടുംബങ്ങൾക്ക് കൂടി ഭവനനിർമ്മാണ ധനസഹായം ലഭിക്കുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വളരെ കുറവായതിനാൽ ജീവനക്കാരുടെ ശമ്പളം മുതലായ ആവശ്യങ്ങൾക്കുപോലും ഫണ്ട് പര്യാപ്തമല്ലാത്ത അവസ്ഥയിലാണ്, ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് മേൽപ്പറഞ്ഞ കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം നൽകുന്നതിന് കഴിയുന്നില്ല. ഐ.എ.വൈ. പദ്ധതിപ്രകാരം ഭവനരഹിതരായ എല്ലാ കുടുംബാംഗങ്ങൾക്കും ധനസഹായം നൽകുന്നതിന് കുറഞ്ഞത് 5 വർഷമെങ്കിലും വേണ്ടിവരും. കക്കൂസ് നിർമ്മാണ ധനസഹായം അപേക്ഷിച്ചിട്ടുള്ള 81 ഗുണഭോക്താക്കളിൽ 30 പേർക്ക് 2015-16 സാമ്പത്തിക വർഷം ധനസഹായം ലഭിക്കുന്നതാണ്. നിലവിലെ പദ്ധതി മാർഗ്ഗരേഖ പ്രകാരവും സർക്കാർ ഉത്തരവുകൾ പ്രകാരവും 15,400 രൂപയാണ് കക്കൂസ് നിർമ്മാണത്തിന് അനുവദിക്കാവുന്ന പരമാവധി തുക. അച്ചൻകോവിൽ പട്ടികവർഗ്ഗ കോളനിയിൽ നിർമ്മാണവസ്തുക്കളും മറ്റും എത്തിക്കുന്നതിന് കൂടുതൽ തുക വേണ്ടിവരുന്നതിനാൽ നിലവിൽ ഈ തുക ഉപയോഗിച്ച് കക്കൂസ് നിർമ്മാണം പൂർത്തീകരിക്കുക എന്നത് ഇവരെ സംബന്ധിച്ച് അസാധ്യമാണ്. ഭവന പുനരുദ്ധാരണത്തിനായി 2015-16 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് തുക വകയിരുത്തിയിട്ടുമില്ല. ഗ്രാമപഞ്ചായത്തിന്റെ പിന്നോക്കാവസ്ഥ പരിഗണിച്ച് ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം, കക്കൂസ് നിർമ്മാണം എന്നിവയ്ക്ക് സമഗ്രമായ ഒരു പാക്കേജ് ആവിഷ്കരിച്ച് സർക്കാർ ഏജൻസികൾവഴി നിർമ്മാണം നടത്തുകയെന്നതാണ് നിലവിലെ സാഹചര്യത്തിൽ പ്രായോഗിക പരിഹാരം. ആയതിലേക്ക് വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്.

(19-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 2 (ഖണ്ഡിക നമ്പർ 21)</u>

വിവിധ ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം നിർമ്മാണം ആരംഭിച്ചതും, സാമ്പത്തിക പരാധീനത നിമിത്തം പൂർത്തീകരിക്കാത്തതുമായ എല്ലാ വീടുകളുടെയും നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഭാവിയിൽ വിവിധ ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം ധനസഹായം അനുവദിക്കുമ്പോൾ നിർമ്മാണ ചുമതല ഏതെങ്കിലും സർക്കാർ ഏജൻസിയെ ഏൽപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(11-8-2015-ലെ 16234/ഇ 1/14/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

അച്ചൻകോവിലിൽ വിവിധ ഭവനനിർമ്മാണ പദ്ധതി പ്രകാരം പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ നിർമ്മാണം 2013-14 സാമ്പത്തിക വർഷം ആരംഭിച്ച ഭവനപുനരുദ്ധാരണ/പൂർത്തീകരണ പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണ ചുമതല സർക്കാർ ഏജൻസിയെ ഏൽപ്പിക്കണമെന്ന ശിപാർശ സന്നദ്ധത പ്രകടിപ്പിക്കുന്ന ഏജൻസികളെ ലഭ്യമാക്കുന്നമുറയ്ക്ക് നടപ്പിലാക്കാൻ കഴിയുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

(ബി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി

(18-8-2015-ലെ 11708/ഡി.ബി2/15/തസ്വഭവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

അച്ചൻകോവിൽ പട്ടികവർഗ്ഗ കോളനിയിൽ അടിസ്ഥാനം, കട്ടിള മട്ടം, ഭിത്തി മട്ടം എന്നിങ്ങനെ വിവിധ ഘട്ടങ്ങളിൽ നിർമ്മാണം നിലച്ചുപോയ 32 വീടുകളാണ് ഉള്ളത്. 2008-09 സാമ്പത്തിക വർഷം മുതൽ അനുവദിച്ച വീടുകളാണ് മേൽപ്പറഞ്ഞ 32 എണ്ണവും, ഇവ പാതിവഴിയിൽ നിർമ്മാണം നിലച്ചിട്ട് ഏകദേശം 7 വർഷത്തോളമാകുന്നു. നിർമ്മിച്ച ഭാഗങ്ങൾ കാലപ്പഴക്കംമൂലം നശിച്ചിട്ടുണ്ട്. ആയതിന്മേൽ പുനർനിർമ്മാണം അസാധ്യമാണ്. മേൽപ്പറഞ്ഞ 32 കുടുംബങ്ങൾക്കും ഭവനനിർമ്മാണത്തിന് പുതിയതായി ധനസഹായം അനുവദിക്കുകയാണ് ഏകപോംവഴി. നിലവിലെ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഭവനനിർമ്മാണത്തിന് ഒരിക്കൽ തുക അനുവദിച്ചു കഴിഞ്ഞാൽ 12 വർഷത്തിനുശേഷം മാത്രമേ വീണ്ടും തുക അനുവദിക്കാൻ വ്യവസ്ഥയുള്ളൂ.

(19-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 3 (ഖണ്ഡിക നമ്പർ 22)

അച്ചൻകോവിൽ ആദിവാസി കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി, നിലവിലുള്ള ജലസ്രോതസ്സുകൾ കാര്യക്ഷമമാക്കുന്നതോടൊപ്പം ആവശ്യാനുസരണം കുഴൽക്കിണറുകളും പമ്പ്സെറ്റുകളും സ്ഥാപിക്കണമെന്നും പമ്പ്സെറ്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള വൈദ്യുതി ചാർജ് പട്ടികവർഗ്ഗ വികസന വകുപ്പ് വഹിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(11-8-2015-ലെ 16234/ഇ 1/14/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

അച്ചൻകോവിൽ പട്ടികവർഗ്ഗ കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വകുപ്പ് മുഖേനയും ത്രിതല പഞ്ചായത്ത് മുഖേനയും നടപടി സ്വീകരിച്ചുവരുന്നു.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

(ബി) <u>ജലവിഭവ വകുപ്പിന്റെ മറുപടി</u>

(11-8-2015-ലെ 21416/ഭൂജല 1/14/ജവിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ അച്ചൻകോവിൽ കോളനിയിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് 5,52,042 രൂപയുടെ അനുമതി നൽകിയിരുന്നു. തുടർന്ന് ഭൂജല വകുപ്പ് കൊല്ലം ജില്ലാ ഓഫീസർ പദ്ധതിക്കായി ടെൻഡർ ക്ഷണിക്കുകയും 13-6-2015-ൽ വർക്ക് ഓർഡർ നൽകുകയും ചെയ്തു. പദ്ധതി പ്രസ്തുത സ്ഥലത്ത് നടപ്പിലാക്കിവരുന്നു. പണി അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(15-9-2015-ലെ സമിതിയോഗം അംഗീകരിച്ചു)

(സി) <u>തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി</u>

(21-4-2015-ലെ 57797/എഫ്.എം.3/2014/തസ്വഭവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ അച്ചൻകോവിൽ പട്ടികവർഗ്ഗ കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി, പ്രസ്തുത കോളനിയിൽ 2009-10 വർഷം ആരംഭിക്കുകയും ഇപ്പോൾ പ്രവർത്തനക്ഷമമല്ലാത്തതുമായ കുടിവെള്ള പദ്ധതി നവീകരിക്കുന്നതിനായി 2014-15 വാർഷിക പദ്ധതിയിൽ 3,51,118 രൂപ വകയിരുത്തിയിട്ടുണ്ടെന്നും കൂടാതെ പട്ടികവർഗ്ഗ കോളനിയിലെ 3 പൊതുകിണറുകൾ സംരക്ഷിക്കുന്നതിനായി 2015-16 വാർഷിക പദ്ധതിയിൽ തുക വകയിരുത്തുന്നതുമാണെന്നും, ടി കോളനിയിൽ ജലഅതോറിറ്റിയുടെ പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും, ടി പദ്ധതികളുടെ പൂർത്തീകരണത്തോടെ ടി കോളനിയിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരമുണ്ടാകുമെന്നും കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(19-8-2015-ലെ സമിതിയോഗം അംഗീകരിച്ചു)

<u>ശിപാർശ നമ്പർ 4 & 5 (ഖണ്ഡിക നമ്പർ 23)</u>

അച്ചൻകോവിൽ ആദിവാസി കോളനിയിൽ, സുരക്ഷാഭീഷണിയായി നിൽക്കുന്ന എല്ലാ തടിനിർമ്മിത പോസ്റ്റുകളും മാറ്റി കോൺക്രീറ്റ് പോസ്റ്റുകൾ സ്ഥാപിക്കണമെന്നും റോഡുകൾ നിലവിലുള്ള എല്ലാ ഭാഗങ്ങളിലും പോസ്റ്റുകൾ റോഡരികിലേക്ക് മാറ്റിസ്ഥാപിക്കണമെന്നും ആവശ്യാനുസരണം വഴിവിളക്കുകൾ സ്ഥാപിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം കോളനിനിവാസികളുടെ ആരാധനാലയമായ കാന്തമല ശിവൻകോവിലിന്റെ മേൽക്കൂര നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്പോസ്റ്റ് മാറ്റിസ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ഊർജ്ജ വകുപ്പിന്റെ മറുപടി</u>

(10-4-2015-ലെ 7642/സി1/14/ഊ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

തെന്മല ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള അച്ചൻകോവിൽ ആദിവാസി കോളനിയിലെ എല്ലാ തടിപോസ്റ്റുകളും മാറ്റി കോൺക്രീറ്റ് പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

വീടുകളുടെയും കൃഷിയിടങ്ങളുടെയും മുകളിൽക്കൂടി കടന്നുപോകുന്ന എൽ.റ്റി.ലൈനുകൾ പൊതുവഴിയിലേക്ക് മാറ്റിസ്ഥാപിക്കുന്ന പ്രവർത്തി ചെയ്യുന്നതിനുവേണ്ടി തെന്മല ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും 3,70,000 രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി 12/2014-ൽ പുനലൂർ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് നൽകിയിട്ടുണ്ട്. തുക അടയ്ക്കുന്നമുറയ്ക്ക് പ്രവൃത്തി ചെയ്യുന്നതാണ്.

ടി കോളനിയിൽ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് അധികാരികളാണ് സ്വീകരിക്കേണ്ടത്. പഞ്ചായത്ത് സാധനസാമഗ്രികൾ ലഭ്യമാക്കുകയും ആവശ്യമായ ഡെപ്പോസിറ്റ് തുക അടയ്ക്കുകയും ചെയ്താൽ വഴിവിളക്കുകൾ സ്ഥാപിക്കുന്ന പ്രവൃത്തി വൈദ്യുതി ബോർഡ് ചെയ്യുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 6 (ഖണ്ഡിക നമ്പർ 24)</u>

സാമ്പത്തിക ബുദ്ധിമുട്ടുമൂലം വയറിംഗ് നടത്തിയിട്ടില്ലാത്തതായ എല്ലാ വീടുകളിലും വയറിംഗ് നടത്തുന്നതിന് ധനസഹായം നൽകണമെന്നും അടിയന്തരമായി എല്ലാ വീടുകളും വൈദ്യുതീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(എ) <u>ഊർജ്ജ വകുപ്പിന്റെ മറുപടി</u>

(10-4-2015-ലെ 7642/സി1/14/ഊ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

പ്രസ്തുത കോളനിയിലെ വീടുകളിൽ സാമ്പത്തിക ബുദ്ധിമുട്ടുമൂലം വയറിംഗ് നടത്തിയിട്ടില്ലാത്തതായ എല്ലാ വീടുകളിലും വയറിംഗ് നടത്തുന്നതിന് ധനസഹായം നൽകണമെന്ന സമിതിയുടെ ശിപാർശയിന്മേൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. വയറിംഗ് സാധ്യമാകുന്നമുറയ്ക്ക് വൈദ്യുതീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(11-8-2015-ലെ 16234/ഇ 1/14/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

അച്ചൻകോവിൽ പട്ടികവർഗ്ഗ കോളനിയിൽ വയറിംഗ് നടത്തിയിട്ടില്ലാത്ത എല്ലാ വീടുകൾക്കും വയറിംഗ് ചെയ്യുന്നതിനും വൈദ്യുതീകരിക്കാത്ത എല്ലാ വീടുകളും വൈദ്യുതീകരിക്കുന്നതിനുമായി ഗ്രാമപഞ്ചായത്തിന്റെ ട്രൈബൽ സബ് പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## ശിപാർശ നമ്പർ 7 (ഖണ്ഡിക നമ്പർ 25)

പകർച്ചവ്യാധികളും കുട്ടികളുടെ ആരോഗ്യപ്രശ്നങ്ങളും നിത്യസംഭവമായ അച്ചൻകോവിൽ ആദിവാസി കോളനിയിൽ കിടത്തി ചികിത്സാ സൗകര്യത്തോടുകൂടിയ ആശുപത്രി ആരംഭിക്കണമെന്നും രണ്ട് സ്ഥിരം ഡോക്ടർമാരുടെയും അനുബന്ധ സ്റ്റാഫുകളുടെയും സേവനം ലഭ്യമാക്കണമെന്നും മാസത്തിലൊരിക്കൽ മെഗാമെഡിക്കൽ ക്യാമ്പ് നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിന്റെ മറുപടി

(11-9-2015-ലെ 42293/എഫ്.ഡബ്ല്യു.2/2014/ആകുവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

അച്ചൻകോവിൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിലവിൽ 5 സെന്റ് സ്ഥലവും അതിൽ സ്ഥിതിചെയ്യുന്ന ഒരു ചെറിയ കെട്ടിടവുമാണുള്ളത്. ടി ആശുപത്രിയിൽ കിടത്തി ചികിത്സയോടുകൂടിയ ഒരു ആശുപത്രി നടത്തിക്കൊണ്ടുപോകുവാനുള്ള സൗകര്യങ്ങൾ നിലവിലില്ല. നിലവിൽ ഒരു ഡോക്ടർ, ഒരു ഫാർമസിസ്റ്റ്, ഒരു സ്റ്റാഫ്നഴ്സ്, ഒരു ഗ്രേഡ് II അറ്റൻഡർ, ഒരു നഴ്സിംഗ് അസിസ്റ്റന്റ് എന്നിവരാണ് ആശുപത്രി ജീവനക്കാരായി ഉള്ളത്. ആയതിനാൽ കിടത്തി ചികിത്സാ സൗകര്യമുള്ള ആശുപത്രിക്ക് കൂടുതൽ സൗകര്യമുള്ള സ്ഥലവും, കെട്ടിടവും ആവശ്യമാണ്. കൂടാതെ അനുബന്ധ ജീവനക്കാരുടെ തസ്തികകളും സൃഷ്ടിക്കേണ്ടതുണ്ട്. ഈ വിവരം ആര്യങ്കാവ് ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി സ്ഥലം കണ്ടെത്താനും യാത്രാസൗകര്യം വളരെ കുറവായതിനാൽ ജീവനക്കാർക്ക് നിത്യവും വന്നുപോകുവാനുള്ള സാഹചര്യം ഇല്ലെന്നും ആയതിനാൽ ജീവനക്കാർക്ക് താമസിക്കുവാനുള്ള ക്വാർട്ടേഴ്സും ഉൾപ്പെടുത്തേണ്ടതാണെന്നും മാസത്തിലൊരിക്കൽ മെഗാ മെഡിക്കൽ ക്യാമ്പ് നടത്തുവാനും ഉള്ള നടപടി സ്വീകരിക്കുന്നതാണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(15-9-2015-ലെ സമിതിയോഗം അംഗീകരിച്ചു)

## ശിപാർശ നമ്പർ 8 (ഖണ്ഡിക നമ്പർ 25)

അച്ചൻകോവിലിൽ പ്രവർത്തിക്കുന്ന ആയുർവ്വേദ ആശുപത്രിയിൽ രണ്ട് ഡോക്ടർമാരുടെയും മറ്റനുബന്ധ ജീവനക്കാരുടെയും സേവനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിന്റെ മറുപടി

(14-9-2015-ലെ 39577/ഡി1/2014/ആകുവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ഭാരതീയ ചികിത്സാ വകുപ്പിനുകീഴിൽ അച്ചൻകോവിൽ പ്രവർത്തിക്കുന്ന ആയുർവ്വേദ ഡിസ്പെൻസറിയിൽ നിലവിൽ ഒരു മെഡിക്കൽ ഓഫീസർ, ഒരു ഫാർമസിസ്റ്റ്, ഒരു അറ്റഡർ, ഒരു പാർട്ട്-ടൈം സ്വീപ്പർ എന്നീ ജീവനക്കാരാണുള്ളത്. ടി ജീവനക്കാർ പ്രസ്തുത

സ്ഥാപനത്തിൽ ചികിത്സതേടി എത്തുന്ന രോഗികൾക്കാവശ്യമായ സേവനം നൽകിവരുന്നു. കൂടാതെ പകർച്ചവ്യാധികളും മറ്റു ആരോഗ്യപ്രശ്നങ്ങളും ഉണ്ടാകാനുള്ള സാധ്യത കാണുന്നപക്ഷം മുൻകൂട്ടി മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നുണ്ട്. സമിതി ശിപാർശ ചെയ്ത പ്രകാരം അച്ചൻകോവിൽ ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറിയിൽ രണ്ട് ഡോക്ടർമാരുടേയും മറ്റ് അനുബന്ധ ജീവനക്കാരുടേയും സേവനം അധികമായി അനുവദിക്കണമെങ്കിൽ ടി ഡിസ്പെൻസറി കിടത്തി ചികിത്സയുള്ള ആശുപത്രിയാക്കി ഉയർത്തേണ്ടതുണ്ട്. ആയതിന് കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിനൽകാമെന്ന ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതിപത്രം ആവശ്യമാണ്. ആയതു ലഭിക്കുന്നമുറയ്ക്ക് സമിതി ശിപാർശ ചെയ്ത പ്രകാരം അച്ചൻകോവിൽ ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറിയിൽ അധിക തസ്തിക അനുവദിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്.

(15-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 9 (ഖണ്ഡിക നമ്പർ 26)</u>

ആരോഗ്യവകുപ്പ് റ്റി.എസ്.പി. ഫണ്ടുപയോഗിച്ച് വാങ്ങിയ ആംബുലൻസിന് അടിയന്തരമായി ഡ്രൈവറെ നിയമിക്കണമെന്നും ഡ്രൈവറുടെ ശമ്പളം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ടിൽനിന്ന് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(എ) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(11-8-2015-ലെ 15692/ഡി1/15/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

പ്രസ്തുത ആംബുലൻസിന്റെ അറ്റകുറ്റപ്പണികൾ നടത്തുകയും ഇൻഷ്വറൻസ് തുക അടയ്ക്കുകയും ചെയ്താൽ മാത്രമേ വാഹനം പ്രവർത്തിപ്പിക്കുവാൻ കഴിയുകയുള്ളൂ. ഇതിനാവശ്യമായ തുക പഞ്ചായത്തിൽ നിന്നുമാണ് ലഭ്യമാക്കുന്നത്. ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ പഞ്ചായത്ത് അധികൃതർ ആവശ്യപ്പെട്ടതനുസരിച്ച് ആയതിനുള്ള നടപടി ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത നടപടി പൂർത്തിയായി വാഹനം പ്രവർത്തനക്ഷമമായാലുടൻ തന്നെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ടിൽ നിന്നും ശമ്പളം നൽകി ഡ്രൈവറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

(ബി) <u>ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിന്റെ മറുപടി</u>

(14-9-2015-ലെ 39603/ഇ 2/2014/ആകുവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

പ്രസ്തുത ആംബുലൻസിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഇൻഷ്വറൻസ് തുക അടയ്ക്കുന്നതിനുമായി ഏദേശം 16,500 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി തുക

പഞ്ചായത്തിൽ ലഭ്യമല്ലായെന്ന് അറിയിച്ചതിനെ തുടർന്ന് വാഹനം ആരോഗ്യ വകുപ്പിന് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത നടപടികൾ പൂർത്തിയായി വാഹനം പ്രവർത്തനക്ഷമമായാലുടൻ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ടിൽനിന്നും ഡ്രൈവറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(15-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 10 (ഖണ്ഡിക നമ്പർ 27)

ചികിത്സാർത്ഥം പുനലൂർ താലൂക്ക് ആശുപത്രിയിൽ എത്തുന്ന എല്ലാ ആദിവാസികൾക്കും സൗജന്യ ചികിത്സ പൂർണ്ണമായ അർത്ഥത്തിൽ ഉറപ്പുവരുത്തണമെന്നും, ഇനിയും ഹെൽത്ത് കാർഡ് നൽകിയിട്ടില്ലാത്ത എല്ലാ കുടുംബങ്ങൾക്കും ഹെൽത്ത് കാർഡ് വിതരണം ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിന്റെ മറുപടി

(13-7-2015-ലെ 39429/എം2/2014/ആകുവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

പുനലൂർ താലൂക്കാശുപത്രിയിൽ മിക്കവാറും എല്ലാ ആധുനിക ടെസ്റ്റുകൾക്കുമുള്ള സൗകര്യങ്ങൾ ലഭ്യമാണ്. ടി ടെസ്റ്റുകളെല്ലാം തന്നെ സൗജന്യമായാണ് ചെയ്തുകൊടുക്കപ്പെടുന്നത്. ടി ആശുപത്രിയിൽ ലഭ്യമല്ലാത്ത ടെസ്റ്റുകൾ ഡോക്ടർമാർ നിർദ്ദേശിക്കുമ്പോഴാണ് രോഗികളെ പുറത്തുള്ള ലാബിലേക്ക് വിടേണ്ടിവരുന്നത്. നിലവിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എസ്.ടി. പ്രൊമോട്ടർമാർ ആശുപത്രികളിൽ ഇത്തരം കാര്യങ്ങളിൽ രോഗികൾക്കൊപ്പം നിന്ന് അവരെ നന്നായി സഹായിക്കാറുണ്ട്. ആദിവാസി വിഭാഗത്തിന് അർഹതപ്പെട്ട ചികിത്സാ ആനുകൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കാൻ കൂടുതൽ കരുതൽ വേണമെന്ന നിർദ്ദേശം കർശനമായി പാലിക്കാൻ എല്ലാ തലത്തിലുമുള്ള ജീവനക്കാരോടും നിർദ്ദേശിച്ചിട്ടുണ്ട്. ഹെൽത്ത് കാർഡ് കിട്ടിയിട്ടില്ലാത്ത കുടുംബങ്ങൾക്ക് കൂടി കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് എൻ.എച്ച്.എം. ജില്ലാ പ്രോഗ്രാം മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ ചികിത്സയ്ക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിക്കുന്ന തുകയിൽ നിന്നും ടി വർഗ്ഗക്കാരുടെ ആംബുലൻസ് സർവ്വീസിന് ഉൾപ്പെടെയുള്ള ചെലവുകൾ നികത്തുന്നുണ്ട്.

(15-9-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 11 (ഖണ്ഡിക നമ്പർ 27)

താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടുന്ന ആദിവാസികൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നു നൽകുന്ന ആശ്വാസ ധനസഹായം അഞ്ഞൂറ് രൂപയിൽ നിന്നും കാലോചിതമായി പരിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(14-9-2015-ലെ 16224/ഡി1/14/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

അച്ചൻകോവിൽ പട്ടികവർഗ്ഗ കോളനിയിൽ നിന്നും ചികിത്സയ്ക്കായി പുനലൂർ താലൂക്കാശുപത്രിയിൽ എത്തുന്ന എല്ലാ കുടുംബങ്ങൾക്കും സൗജന്യ ചികിത്സ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ഹെൽത്ത് കാർഡ് ലഭ്യമാകാത്ത കുടുംബങ്ങൾക്ക് ഹെൽത്ത് കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടിയെത്തുന്ന ആദിവാസികൾക്ക് വകുപ്പിൽ നിന്ന് ആശ്വാസ ധനസഹായം 500 രൂപയിൽ നിന്നും 5,000 രൂപവരെ നൽകിവരുന്നുണ്ട്.

(7-10-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## ശിപാർശ നമ്പർ 12 (ഖണ്ഡിക നമ്പർ 28)

അച്ചൻകോവിൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന്റെ പഠനനിലവാരം ഉയർത്തുന്നതിനുവേണ്ടി അദ്ധ്യയനവർഷത്തിന്റെ ആരംഭത്തിൽത്തന്നെ എല്ലാ വിഷയങ്ങൾക്കും അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അദ്ധ്യാപകർക്ക് താമസസൗകര്യം ആവശ്യമാണെങ്കിൽ അതിനുള്ള ക്രമീകരണങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## (എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി

(18-8-2015-ലെ 11708/ഡി.ബി2/15 തസ്വഭവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ അച്ചൻകോവിൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ കൊല്ലം ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ളതാണ്. ടി സ്കൂളിൽ എല്ലാ വിഷയങ്ങൾക്കും അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് വിദ്യാഭ്യാസ വകുപ്പും ആയത് ഉറപ്പുവരുത്തേണ്ടത് ജില്ലാ പഞ്ചായത്തുമാണ്. അച്ചൻകോവിൽ പ്രദേശത്ത് ആര്യങ്കാവ് ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ പി.എച്ച്.സി. കെട്ടിടം, 3 അങ്കണവാടികൾ എന്നിവ മാത്രമാണുള്ളത്. ഗ്രാമപഞ്ചായത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി അനുസരിച്ച് അദ്ധ്യാപകർക്ക് താമസസൗകര്യം ഒരുക്കുക എന്നത് സാദ്ധ്യമല്ല എന്ന വിവരം അറിയിക്കുന്നു. ടി സ്കൂൾ കൊല്ലം ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ളതായതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ ജില്ലാ പഞ്ചായത്തിന് നിർദ്ദേശം നൽകുന്നതാണ്.

(19-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മറുപടി

(17-6-2015-ലെ 48601/എസ്.സി.3/14/പൊ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

അച്ചൻകോവിൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ ഫിസിക്സ്, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങൾ ഒഴികെയുള്ള എല്ലാ വിഷയങ്ങൾക്കും സ്ഥിരാദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. ടി സ്കൂളിലെ നിലവിലുള്ള ഒഴിവുകളെല്ലാം തന്നെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.യിൽ നിന്ന് നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് ഫിസിക്സ്, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങളിൽ അദ്ധ്യാപകരെ നിയമിക്കുന്നതാണ്.

അച്ചൻകോവിൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന്റെ എൽ.പി. വിഭാഗം പ്രവർത്തിക്കുന്ന സ്ഥലത്ത് കൊല്ലം ജില്ലാ പഞ്ചായത്ത് നിർമ്മിക്കാൻ തീരുമാനിച്ചിരിക്കുന്ന ഓഡിറ്റോറിയത്തിന് സമീപം, ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് 2015-16 സാമ്പത്തിക വർഷത്തെ ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി അദ്ധ്യാപകർക്ക് താമസസൗകര്യം ലഭ്യമാക്കുന്നതിനായി കെട്ടിടനിർമ്മാണത്തിനായുള്ള പ്രോജക്ട് കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു)

ശിപാർശ നമ്പർ 13 & 14 (ഖണ്ഡിക നമ്പർ 29)

അച്ചൻകോവിൽ ആദിവാസി കോളനിയിലെ നാല് വയസ്സ് പൂർത്തിയായ എല്ലാ കുട്ടികളെയും അങ്കണവാടിയിൽ അയച്ചുപഠിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ അച്ചൻകോവിൽ ആദിവാസി കോളനിയിൽ നഴ്സറി സ്കൂൾ ആരംഭിക്കുന്നതിന് നടപടിയുണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(11-8-2015-ലെ 16234/ഇ 1/14/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

അച്ചൻകോവിൽ പട്ടികവർഗ്ഗ കോളനിയിലെ 4 വയസിന് താഴെയുള്ള എല്ലാ കുട്ടികളെയും അങ്കണവാടിയിൽ എത്തിച്ച് പഠിപ്പിക്കുന്നതിനായി എസ്.ടി. പ്രൊമോട്ടറുടെയും ത്രിതല പഞ്ചായത്ത് മെമ്പർമാരുടെയും സഹായത്തോടെ നടപടി സ്വീകരിച്ചിട്ടുണ്ട്.

അച്ചൻകോവിൽ പട്ടികവർഗ്ഗ കോളനിയിൽ നഴ്സറിസ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## (ബി) സാമൂഹ്യനീതി വകുപ്പിന്റെ മറുപടി

(17-8-2015-ലെ 13668/ബി1/14/സാനീവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

കൊല്ലം ജില്ലയിൽ അഞ്ചൽ അഡീഷണൽ ഐ.സി.ഡി.എസ്. പ്രോജക്റ്റിന്റെ പരിധിയിലുള്ള ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ അച്ചൻകോവിൽ ഭാഗത്ത് പട്ടികവർഗ്ഗ ജനസംഖ്യ 472, പട്ടികജാതി ജനസംഖ്യ 613 എന്നിങ്ങനെയാണ്. പട്ടികവർഗ്ഗ മേഖലയിലും പട്ടികജാതി മേഖലയിലും ഓരോ അങ്കണവാടികൾ വീതം പ്രവർത്തിക്കുന്നുണ്ട്. അങ്കണവാടികളുടെ സ്ഥിതിവിവരക്കണക്കുകൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | അങ്കണവാടി നമ്പർ | അങ്കണവാടിയുടെ പേര് | 4 മുതൽ 6 വയസ്സു വരെയുള്ള കുട്ടികളുടെ എണ്ണം | അങ്കണവാടിയിൽ എത്തുന്നവരുടെ എണ്ണം | സ്കൂളിൽ പോകുന്നവരുടെ എണ്ണം | അങ്കണവാടിയിലോ സ്കൂളിലോ പോകാത്ത കുട്ടികളുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | 6 | അച്ചൻകോവിൽ ഹരിജൻ കോളനി | 24 | 15 | 9 | |
| 2 | 7 | അച്ചൻകോവിൽ ഹരിജൻ കോളനി | 45 | 18 | 20 | 7 (3 വയസ്സ് മുതൽ 6 വയസ്സുവരെ—6 6 വയസ്സിന് മുകളിൽ—1) |

വിദ്യാഭ്യാസ സൗകര്യങ്ങൾ ഒന്നും ലഭിക്കാത്ത ഏഴ് കുട്ടികൾ അച്ചൻകോവിൽ ഹരിജൻ കോളനിയിലുണ്ട്. പുലിക്കയം കാനയാർ, പള്ളിവാസൽ എന്നീ സ്ഥലങ്ങളിൽ ഉള്ളവരാണ് ടി അങ്കണവാടി പരിധിയിലുള്ളത്. ടി പ്രദേശങ്ങൾ അച്ചൻകോവിലിൽ നിന്നും വനത്തിനുള്ളിൽ 30 കിലോമീറ്റർ ദൂരത്താണ്. വാഹനസൗകര്യം ഇല്ലാത്തതിനാലും കുട്ടികൾ രക്ഷകർത്താക്കളോടൊപ്പം വനവിഭവശേഖരണത്തിനായി ഉൾവനങ്ങളിൽ പോകുന്നതിനാലുമാണ് പ്രീസ്കൂൾ വിദ്യാഭ്യാസത്തിനായി ടി കുട്ടികൾക്ക് അങ്കണവാടികളിൽ എത്താൻ കഴിയാത്തത്. വനം വകുപ്പിന്റെ വാഹനം മാത്രമേ ടി പ്രദേശത്ത് പോവുകയുള്ളൂ

എന്നതിനാൽ പോഷകാഹാരം വനം വകുപ്പിന്റെ സഹായത്തോടെ ടി വാഹനത്തിൽകൂടി എത്തിച്ചു വരികയാണ്. വനം വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും സഹായത്തോടെ പ്രതിരോധ കുത്തിവയ്പ്പ് നടത്താറുണ്ട്.

(19-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 15 (ഖണ്ഡിക നമ്പർ 30)

അച്ചൻകോവിൽ ആദിവാസി കോളനിയിലെ ആറ് വയസ്സ് പൂർത്തിയാകുന്ന എല്ലാ കുട്ടികളും ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടുന്നുണ്ടെന്നും ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടുന്ന എല്ലാ കുട്ടികളും പഠനം ഇടയ്ക്കുവച്ചവസാനിപ്പിക്കാതെ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നുണ്ടെന്നും ഉറപ്പുവരുത്താൻ പദ്ധതി തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(11-8-2015-ലെ 16234/ഇ 1/14/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

അച്ചൻകോവിൽ പട്ടികവർഗ്ഗ കോളനിയിൽ 6 വയസ്സ് പൂർത്തിയാകുന്ന എല്ലാ കുട്ടികളെയും സ്കൂളിൽ ചേർത്ത് പഠിപ്പിക്കുന്നതിനും കുട്ടികളുടെ പഠനം ഇടയ്ക്കുവെച്ച് അവസാനിപ്പിക്കാതിരിക്കാനും എസ്.ടി. പ്രൊമോട്ടർമാർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പഞ്ചായത്ത് അധികൃതർ എന്നിവർ മുഖേനയും നടപടി സ്വീകരിച്ചുവരുന്നു.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മറുപടി

(11-8-2015-ലെ 48600/ജെ1/14/പൊവിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2014-16)യുടെ പതിനൊന്നാമത് റിപ്പോർട്ടിന്റെ 15-ാമത് ശിപാർശയുടെ വെളിച്ചത്തിൽ അച്ചൻകോവിൽ ആദിവാസി കോളനിയിലെ സ്കൂൾ കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനുവേണ്ടി ഫലപ്രദമായ ഒരു പദ്ധതി അതത് ജില്ലാ ഗ്രാമപഞ്ചായത്ത് അധികാരികളുമായി ആലോചിച്ച് രൂപവൽക്കരിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. അതിന്റെ ഫലമായി കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുടെയും ഗ്രാമ ജില്ലാ പഞ്ചായത്ത് അധികാരികളുടെയും യോഗം 28-4-2015-ന് ചേരുകയും 6 വയസ്സ് കഴിഞ്ഞിട്ടും സ്കൂളിൽ ചേരാത്ത 6 കുട്ടികൾ ഉണ്ടെന്നു കണ്ടെത്തുകയും ചെയ്തു. കൂടാതെ 14 വയസ്സിൽ താഴെ പത്തുകുട്ടികൾ കൊഴിഞ്ഞുപോയിട്ടുള്ളതായും മനസ്സിലാക്കി. ഇതിൽ 6 വയസ്സ് കഴിഞ്ഞ 2 കുട്ടികളെ പ്രവേശിപ്പിക്കുവാൻ സാധിച്ചു

കൊഴിഞ്ഞുപോയവരിൽ 4 പേരെ പുനഃപ്രവേശിപ്പിക്കുവാനും സാധിച്ചു. മറ്റുള്ള കുട്ടികളെ ചേർക്കുവാൻ ഒരു കമ്മിറ്റി രൂപീകരിച്ച് ഭഗീരഥപ്രയത്നം നടത്തിവരുന്നതായും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഉൾക്കാടുകളിൽ നിന്നും വരുന്നവരാണ് പകുതി കുട്ടികളുമെന്നതിനാൽ യാത്രാസൗകര്യമാണ് പ്രശ്നമാകുന്ന ഘടകം. ഹോസ്റ്റൽ സൗകര്യങ്ങൾ ഏർപ്പെടുത്തി കുട്ടികൾക്ക് താമസിച്ചുപഠിക്കുവാൻ അവസരമുണ്ടാക്കിയാൽ കൊഴിഞ്ഞുപോക്ക് ഒഴിവാക്കാനും എല്ലാ കുട്ടികളെയും സ്കൂളിൽ ചേർത്ത് പഠിപ്പിക്കുവാനും സാധിക്കും. 42 പെൺകുട്ടികൾക്ക് താമസിക്കുന്നതിനായി പട്ടികഗോത്രവർഗ്ഗ വികസന വകുപ്പിന് കീഴിൽ ഒരു ഹോസ്റ്റലുണ്ടെങ്കിലും ഇത് പര്യാപ്തമല്ല. ആൺകുട്ടികൾക്കും മറ്റ് പെൺകുട്ടികൾക്കുമായി ഒരു ഹോസ്റ്റൽകൂടി പണിഞ്ഞ് പ്രവർത്തനം ആരംഭിച്ചാൽ മുഴുവൻ കുട്ടികളെയും വിദ്യാഭ്യാസം ചെയ്യിക്കാൻ സാധിക്കുന്നതാണ്. അച്ചൻകോവിൽ ഗവൺമെന്റ് ഹൈസ്കൂൾ 50 സെന്റ് സ്ഥലത്തായതിനാൽ ഹോസ്റ്റൽ നിർമ്മാണത്തിന് പുറമെനിന്നും സ്ഥലം കണ്ടെത്തേണ്ടതുണ്ട്. വനഭൂമി ലഭിക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയും ആവശ്യമാണ്. എന്നാൽ ആദിവാസി മൂപ്പന്റെ നേതൃത്വത്തിലുള്ള ഊരിന്റെ അനുമതി ലഭിച്ചാൽ ആദിവാസി ഭൂമി ഹോസ്റ്റൽ നിർമ്മാണത്തിന് വിട്ടുനൽകാമെന്ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അറിയിച്ചിട്ടുണ്ട് എന്നും ഇക്കാര്യം ചർച്ച ചെയ്ത് ആദിവാസി ഭൂമി ഹോസ്റ്റൽ നിർമ്മാണത്തിന് സ്കൂൾ അധികൃതർക്ക് വിട്ടുനൽകുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തയ്യാറായിട്ടുണ്ടെന്നും വിദ്യാഭ്യാസ ഉപഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിനായി പി.ഡബ്ല്യു.ഡി.യുമായി ചേർന്ന് പ്രോജക്ട് തയ്യാറാക്കി പ്ലാനും എസ്റ്റിമേറ്റും എടുക്കുന്നതിനുള്ള നടപടികൾ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നുണ്ട്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

## ശിപാർശ നമ്പർ 16 (ഖണ്ഡിക നമ്പർ 31)

അച്ചൻകോവിൽ ആദിവാസി കോളനിയിൽ അടിയന്തരമായി ഏകാദ്ധ്യാപക വിദ്യാലയം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(11-8-2015-ലെ 16234/ഇ 1/14/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

അച്ചൻകോവിൽ പട്ടികവർഗ്ഗ കോളനിയിൽ ഏകാദ്ധ്യാപക വിദ്യാലയം ആരംഭിക്കുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കുന്നതിനുള്ള നടപടി പട്ടികവർഗ്ഗ വികസന വകുപ്പ് കൈക്കൊണ്ടുവരുന്നു.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു)

ശിപാർശ നമ്പർ 17 (ഖണ്ഡിക നമ്പർ 32)

അച്ചൻകോവിൽ ആദിവാസി കോളനിയിൽ നിന്നും എസ്.എസ്.എൽ.സി. പൂർത്തിയാക്കുന്ന എല്ലാ കുട്ടികളും ഉപരിപഠനം നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും ഉപരിപഠനം നടത്തുന്ന എല്ലാ കുട്ടികൾക്കും ആവശ്യമെങ്കിൽ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(11-8-2015-ലെ 16234/ഇ 1/14/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

അച്ചൻകോവിൽ പട്ടികവർഗ്ഗ കോളനിയിലെ എസ്.എസ്.എൽ.സി. പാസ്സാകുന്ന പെൺകുട്ടികൾക്ക് അച്ചൻകോവിൽ പ്രീ മെട്രിക് ഹോസ്റ്റലിലും ആൺകുട്ടികൾക്ക് ഉറുകുന്ന്, കൊല്ലം എന്നിവിടങ്ങളിലെ പ്രീ മെട്രിക് ഹോസ്റ്റലുകളിലും താമസിച്ച് ഉപരിപഠനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 18 (ഖണ്ഡിക നമ്പർ 33)

അച്ചൻകോവിൽ ആദിവാസി കോളനിയിലെ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് മൽസരപ്പരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെന്നും പരിശീലന ക്ലാസുകൾ സംഘടിപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(11-8-2015-ലെ 16234/ഇ 1/14/പജപവവിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

അച്ചൻകോവിൽ പട്ടികവർഗ്ഗ കോളനിയിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ മത്സരപ്പരീക്ഷകളിൽ പങ്കെടുപ്പിക്കുന്നതിനായി ആര്യങ്കാവ് ഗ്രാമപഞ്ചായത്ത് കേന്ദ്രീകരിച്ച് കോച്ചിംഗ് സെന്റർ തുടങ്ങുന്നതിനായി വകുപ്പ് സാധ്യതാപഠനം നടത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.

(12-8-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 19 & 20 (ഖണ്ഡിക നമ്പർ 34)

രാവിലെ 8.30-നു ശേഷം അച്ചൻകോവിലിൽ നിന്നുംപുറപ്പെടുന്ന കെ.എസ്.ആർ.ടി.സി. ബസിന്റെ സമയം 8 മണിയായി പുനർനിർണ്ണയിച്ച് 9.45-ഓടുകൂടി പുനലൂരിൽ എത്തുന്ന രീതിയിൽ ക്രമീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അച്ചൻകോവിൽ

ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും യാത്രാസൗകര്യംകൂടി പരിഗണിച്ച് രാവിലെ 10 മണിയോടുകൂടി അച്ചൻകോവിലിൽ എത്തുന്ന രീതിയിലും വൈകുന്നേരം 4 മണിക്ക് അച്ചൻകോവിലിൽ നിന്നും പുറപ്പെടുന്ന രീതിയിലും കെ.എസ്.ആർ.ടി.സി. പുനലൂർ-അലിമുക്ക്-അച്ചൻകോവിൽ റൂട്ടിൽ ഒരു പുതിയ സർവ്വീസ് ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഗതാഗത വകുപ്പിന്റെ മറുപടി

(18-4-2015-ലെ 11682/എ 2/2014/ഗതാഗതം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

കോന്നി ഡിപ്പോയിൽ നിന്നും രാവിലെ 8 മണിക്കും അച്ചൻകോവിലിൽ നിന്നും വൈകുന്നേരം 4 മണിക്കും പുറപ്പെടുന്ന രീതിയിൽ ട്രിപ്പുകൾ ക്രമീകരിച്ച് ഇതിനകം നൽകിയിട്ടുണ്ട്.

(12-8-2015-ലെ സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 21 (ഖണ്ഡിക നമ്പർ 34)

അച്ചൻകോവിൽ-പുനലൂർ റൂട്ടിൽ പ്രത്യേക പരിഗണന നൽകിക്കൊണ്ടും മറ്റ് നിബന്ധനകൾ ഒഴിവാക്കിക്കൊണ്ടും വിദ്യാർത്ഥികൾക്കായി കെ.എസ്.ആർ.ടി.സി. കൺസെഷൻ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഗതാഗത വകുപ്പിന്റെ മറുപടി

(18-4-2015-ലെ 11682/എ 2/2014/ഗതാഗതം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

പ്ലസ് ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ സൗജന്യയാത്ര സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നതിനാൽ ഇരുപതോളം ട്രിപ്പുകൾ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്യുന്ന അച്ചൻകോവിൽ-പുനലൂർ റൂട്ടിൽ യാത്ര ചെയ്യുന്ന വിദ്യാർത്ഥികൾക്ക് അടുത്ത അദ്ധ്യയന വർഷം മുതൽ ടി ആനുകൂല്യം പ്രയോജനപ്പെടുന്നതാണ്.

(12-8-2015-ലെ സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 22 (ഖണ്ഡിക നമ്പർ 35)

അച്ചൻകോവിലിലെ ഉൾവനങ്ങളായ പുലിക്കയം, കല്ലാർ, കാനയാർ, വാഴപ്പെരിയാർ എന്നിവിടങ്ങളിൽ കുടിയേറിയിട്ടുള്ള എല്ലാ ആദിവാസികളെയും വനത്തിനുള്ളിൽ നിന്നും കുടിയിറക്കി അവർക്ക് മെച്ചപ്പെട്ട ജീവിതസൗകര്യങ്ങളും വരുമാനമാർഗ്ഗങ്ങളും ഉറപ്പുവരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(എ) വനം-വന്യജീവി വകുപ്പിന്റെ മറുപടി

(3-8-2015-ലെ 10125/സി1/2014/വനം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

അച്ചൻകോവിൽ വനം ഡിവിഷന്റെ അധികാരപരിധിയിൽ വനോൽപ്പന്ന ശേഖരണവുമായി ബന്ധപ്പെട്ട പുലിക്കയം, കാനയാർ എന്നീ മേഖലകളിൽ 4 കുടുംബങ്ങൾ താൽക്കാലികമായി കുടിൽകെട്ടി താമസിക്കുന്നുണ്ട്. ഇവരുടെ കുട്ടികൾ അച്ചൻകോവിൽ സ്കൂളിൽ പഠിക്കുകയും ചെയ്യുന്നുണ്ട്. സ്കൂളിൽ പോകാൻ പ്രായമാകാത്ത രണ്ട് കുട്ടികൾ മാത്രമാണ് കുടുംബത്തോടൊപ്പം താമസമുള്ളത്. വനോൽപ്പന്ന ശേഖരണത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതുകൊണ്ടാണ് അവർ താല്ക്കാലിക ഷെഡ്കെട്ടി താമസിക്കുന്നത്. വനോൽപ്പന്ന ശേഖരണത്തിന് പുലിക്കയത്ത് ഒരു കളക്ഷൻ സെന്ററും പ്രവർത്തിക്കുന്നുണ്ട്.

(15-9-2015-ലെ സമിതി യോഗം അംഗീകരിച്ചു)

(ബി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(11-8-2015-ലെ 15692/ഡി1/2015/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ടി ശിപാർശയിന്മേൽ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

(12-8-2015-ലെ സമിതി യോഗം അംഗീകരിച്ചു)

(സി) റവന്യൂ വകുപ്പിന്റെ മറുപടി

(18-8-2015-ലെ 49494/ആർ1/2014/റവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

അച്ചൻകോവിൽ ആദിവാസി കോളനിയിലെ ഭൂരഹിതരിൽ പലർക്കും കരിയോട്ട് മലയിൽ ഭൂമി ലഭിച്ചെങ്കിലും അവർ പിൻതുടർന്നുവരുന്ന വരുമാനമാർഗ്ഗങ്ങളുടെ അഭാവംമൂലം ടി സ്ഥലത്ത് താമസിക്കാൻ തയ്യാറാവുന്നില്ലെന്നും അവരെ അച്ചൻകോവിലിൽത്തന്നെ പുനരധിവസിപ്പിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ "ആശിച്ച ഭൂമി ആദിവാസികൾക്ക് സ്വന്തം" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമി കണ്ടെത്തുന്നതിനും വീട് നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നതായി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ അറിയിച്ചതായി കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആദിവാസികളുടെ ജീവിതം വനത്തെയും വനവിഭവങ്ങളെയും മാത്രം ആശ്രയിച്ച് നടന്നുവരുന്നതിനാൽ അവരുടെ സ്വാഭാവിക ആവാസവ്യവസ്ഥയിൽ നിന്നും പെട്ടെന്ന് കുടിയിറക്കുന്നത് പ്രായോഗികമല്ല. കര്യോട്ടുമല താരതമ്യേന പട്ടണ സ്വഭാവത്തോടുകൂടിയ പ്രദേശമായതിനാൽ അവിടെ ആദിവാസികൾക്ക് ഉപജീവനമാർഗ്ഗമില്ല കൂടാതെ കുടിവെള്ളത്തിന്റെ അഭാവം, കോളനിയിലെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവ്, ഗതാഗത സൗകര്യമില്ലായ്മ എന്നിവമൂലം ആദിവാസികൾ തങ്ങൾക്ക് ലഭിച്ച പ്ലോട്ടുകളിൽ ജീവിക്കുവാൻ ഇഷ്ടപ്പെടുന്നില്ല. മുൻപ് ജീവിച്ചിരുന്ന വനമേഖലയോടുള്ള ആഭിമുഖ്യവും പുതിയ സ്ഥലത്ത് താമസിക്കുന്നതിന് അവരെ വിമുഖരാക്കുന്നു. വിതരണം ചെയ്ത ഭൂമി ഒരു മലയുടെ ചരുവിൽപ്പെട്ടതും കൃഷിക്ക് പര്യാപ്തമല്ലാത്തതുമാണ്. ഈ സാഹചര്യത്തിൽ

കുറേക്കൂടി മെച്ചപ്പെട്ട ഭൂമിയും അതിൽ താമസിക്കുന്നതിനും കൃഷി ചെയ്യുന്നതിനുമുള്ള സൗകര്യങ്ങൾ ഒരുക്കിയശേഷം ആദിവാസികളെ അവരുടെ നിലവിലുള്ള ആവാസ വ്യവസ്ഥയിൽ നിന്നും മാറ്റിപ്പാർപ്പിക്കുന്നതാവും ഉചിതമെന്ന് കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(19-8-2015-ലെ സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 23 (ഖണ്ഡിക നമ്പർ 36)

മണലാർ-കുംഭാവുരുട്ടി ഉൾപ്പെടെയുള്ള എല്ലാ വനസംരക്ഷണ സമിതി ഭരണ സമിതികളിലും ആദിവാസി പ്രാതിനിധ്യം ഉറപ്പുവരുത്തണമെന്നും ആദിവാസികൾക്കുള്ള തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(11-8-2015-ലെ 15692/ഡി1/2015/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

പ്രസ്തുത വിഷയത്തിന്മേൽ നടപടി സ്വീകരിക്കുന്നതിനായി വനം വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(12-8-2015-ലെ സമിതി യോഗം അംഗീകരിച്ചു.)

(ബി) വനം-വന്യജീവി വകുപ്പിന്റെ മറുപടി

(16-9-2014-ലെ 10194/ഇ 1/2014/വനം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

അച്ചൻകോവിൽ മേഖലയിലെ മണലാർ, കുംഭാവുരുട്ടി വനസംരക്ഷണ സമിതിയിൽ നിലവിലുള്ള 15 സ്ഥിരം ഗൈഡുകളിൽ 5 പേർ പട്ടികവിഭാഗക്കാരാണ്. കൂടാതെ തിരക്കുള്ള സീസണിൽ താല്ക്കാലികമായി നിയമിക്കുന്ന 15 ഗൈഡുകളിൽ 5 പേരെയും പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. പ്രസ്തുത വനസംരക്ഷണ സമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിലവിൽ പട്ടികവർഗ്ഗ വിഭാഗക്കാർ ഇല്ല എങ്കിലും എക്സിക്യൂട്ടീവ് കമ്മിറ്റി പുനഃസംഘടിപ്പിക്കുമ്പോൾ പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും ഒരാളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. വനവൽക്കരണ പ്രവൃത്തികളിൽ തിരിമറി നടത്താൻ ശ്രമിച്ച വനസംരക്ഷണ സമിതി സെക്രട്ടറിയെ സസ്പെന്റ് ചെയ്ത് പ്ലാന്റിംഗ് ജോലികൾ ക്രമപ്രകാരം പൂർത്തിയാക്കി പുതിയ സെക്രട്ടറിയെ നിയമിച്ചിട്ടുള്ളതും പൊതുയോഗ തീരുമാനപ്രകാരം പുതിയ പ്രസിഡന്റിനെ തെരഞ്ഞെടുത്തിട്ടുള്ളതുമാകുന്നു.

(25-2-2015-ലെ സമിതി യോഗം പരിഗണിച്ചു.)

25-2-2015-ന് ചേർന്ന സമിതി യോഗം വനം-വന്യജീവി വകുപ്പിന്റെ നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കുകയും താഴെപ്പറയുന്ന അധികവിവരം ആരായുകയും ചെയ്തു:

വനസംരക്ഷണ സമിതികളിൽ പട്ടികവർഗ്ഗ പ്രാതിനിധ്യം ഉറപ്പുവരുത്തുക; അതോടൊപ്പം സംസ്ഥാനമൊട്ടാകെയുള്ള വനസംരക്ഷണ ഭരണ സമിതികളുടെ പ്രവർത്തന ഘടന സംബന്ധിച്ച വിവരം ലഭ്യമാക്കുക.

<u>വനം-വന്യജീവി വകുപ്പ് ലഭ്യമാക്കിയ അധികവിവര റിപ്പോർട്ട്</u>

(28-7-2015-ലെ 6261/ഇ 1/2015/വനം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

പങ്കാളിത്ത വനപരിപാലനത്തിൽ വനപരിപാലന പ്രവൃത്തികൾ പ്ലാൻ ചെയ്ത് അംഗീകാരം വാങ്ങി, നടപ്പാക്കി, മേൽനോട്ടം വഹിച്ച്, നിരീക്ഷണം നടത്തുന്നത് ഗ്രാമതല സ്ഥാപനങ്ങളായ വനസംരക്ഷണ സമിതികളാണ് (VSS). വന്യജീവി സങ്കേതങ്ങളിൽ ഈ സമിതികൾ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ (EDC) എന്നറിയപ്പെടുന്നു.

<u>രൂപീകരണം</u>

സമിതി രൂപീകരണത്തിന്റെ ആദ്യപടിയായി വനമേഖലയിലെ ഗ്രാമങ്ങളിൽ സമൂഹ യോഗങ്ങൾ സംഘടിപ്പിക്കുന്നത് റേഞ്ച് ഫോറസ്റ്റ് ഓഫീസറാണ്. ഈയവസരത്തിൽ വനപരിപാലനം ജനപങ്കാളിത്തത്തോടെ എന്ന ആശയം വ്യക്തമാക്കുന്നു. അതിനുശേഷം തീരുമാനിക്കപ്പെട്ട ദിവസം വനസംരക്ഷണ സമിതിയുടെ നയപ്രഖ്യാപനം, പ്രമാണം, നിയമാവലി എന്നിവ തയ്യാറാക്കി പൊതുയോഗത്തിന്റെ അംഗീകാരം വാങ്ങുമ്പോൾ വനസംരക്ഷണ സമിതികളുടെ രൂപീകരണമാകുന്നു. ഇവ റെയിഞ്ചിലാണ് രജിസ്റ്റർ ചെയ്യുന്നത്. വനസംരക്ഷണ സമിതിയിൽ നിന്നും അപേക്ഷ ലഭിക്കുന്നമുറയ്ക്ക് അതത് വനവികാസ ഏജൻസിയുടെ രജിസ്ട്രേഷൻ നൽകി ടി വനവികാസ ഏജൻസിയുടെ ഭാഗമാക്കുന്നു.

തെരഞ്ഞെടുക്കപ്പെട്ട വാർഡ്, ഗ്രാമം, ആശ്രിത സമൂഹം ഇവയിലെ എല്ലാ കുടുംബങ്ങൾക്കും വനസംരക്ഷണ സമിതിയിൽ അംഗങ്ങളാകാം. ഓരോ കുടുംബത്തിലേയും 2 പേർക്ക് അംഗത്വം നൽകുന്നു. ഒരു വനസംരക്ഷണ സമിതിയിലെ പരമാവധി കുടുംബങ്ങളുടെ എണ്ണം 365 ആയി നിജപ്പെടുത്തിയിട്ടുണ്ട്. അതായത് ആകെ 730 അംഗങ്ങൾവരെ.

വനസംരക്ഷണ സമിതിക്ക് 2 കമ്മിറ്റികളാണുള്ളത്. എല്ലാം അംഗങ്ങളും ഉൾപ്പെടുന്ന ജനറൽ ബോഡിയും തെരഞ്ഞെടുക്കപ്പെട്ട 9 അംഗങ്ങളുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും വനസംരക്ഷണ സമിതിയുടെ മെമ്പർ സെക്രട്ടറി ഫോറസ്റ്റർ/ഫോറസ്റ്റ് ബീറ്റ് ഓഫീസർ ആയിരിക്കും.

<u>എക്സിക്യൂട്ടീവ് കമ്മിറ്റി</u>

വനസംരക്ഷണ സമിതിയുടെ അംഗങ്ങളിൽ നിന്നും വനസംരക്ഷണ സമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കുന്നു. പങ്കാളിത്ത വനപരിപാലന പദ്ധതി നടപ്പാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇതിലെ അംഗങ്ങൾ:

(1) വനസംരക്ഷണ സമിതിയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 9 അംഗങ്ങൾ ഈ സമിതിയിൽ ഉണ്ടാകും. എസ്.സി./എസ്.ടി. പ്രാതിനിധ്യം ആനുപാതികമായി ഇതിൽ ഉണ്ടായിരിക്കും, കുറഞ്ഞത് 3 പേർ ഈ കമ്മിറ്റിയിൽ സ്ത്രീകളായിരിക്കും.

(2) ഗ്രാമപഞ്ചായത്ത് വാർഡ് പ്രതിനിധി, പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രതിനിധി, ഫോറസ്റ്റർ/ഫോറസ്റ്റ് ബീറ്റ് ഓഫീസർ എന്നിവർ ഔദ്യോഗിക അംഗങ്ങളായിരിക്കും.

പ്രസ്തുത കമ്മിറ്റി 3 മാസത്തിലൊരിക്കലെങ്കിലും കൂടേണ്ടതാണ്. നിർദ്ദിഷ്ട പ്രദേശത്തെ വനസംരക്ഷണം ഉറപ്പാക്കുന്നത് വനസംരക്ഷണ സമിതി എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഉത്തരവാദിത്വമാണ്.

മേൽഘടനയിൽ എസ്.സി./എസ്.ടി. പ്രാതിനിധ്യം ഉറപ്പുവരുത്തുന്നുണ്ട്. ആദിവാസി ഊരുകൾ മാത്രം ഉൾപ്പെടുത്തി ആദിവാസി വി.എസ്.എസ്.കൾ രൂപീകരിക്കുന്നുണ്ട്. ഇവയുടെ ഭരണ സമിതിയിൽ 9 അംഗങ്ങളും ആദിവാസികളായിരിക്കും. ചില വി.എസ്.എസ്.കളിൽ ആദിവാസികൾ/പട്ടികവർഗ്ഗക്കാർ ഉണ്ടായിരിക്കുകയില്ല. ഈ സമിതികളുടെ ഭരണ സമിതിയിൽ സ്വാഭാവികമായും പട്ടികവർഗ്ഗ പ്രാതിനിധ്യം ഉണ്ടായിരിക്കുകയില്ല.

പങ്കാളിത്ത വനപരിപാലനം സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് നമ്പർ (എംഎസ്.) 25/06/വനം-വന്യജീവി വകുപ്പ് ആയി 20-7-2006-ലും സർക്കാർ ഉത്തരവ് നമ്പർ (എംഎസ്. )9/2009/വനം തീയതി 3-2-2009 പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്.

(15-9-2015-ലെ സമിതി യോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 24 (ഖണ്ഡിക നമ്പർ 37)</u>

ഉൽപ്പാദന വർദ്ധനവ് കൈവരിക്കുന്നതിനായി നിലവിലുള്ള കാലപ്പഴക്കംചെന്ന റബ്ബർ മരങ്ങൾ മുറിച്ചുമാറ്റുന്നതിനും മുന്തിയഇനം റബ്ബർ തൈകൾ റീപ്ലാന്റ് ചെയ്യുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പ്രസ്തുത ചുമതല റബ്ബർ ബോർഡിനെ ഏൽപ്പിക്കണമെന്നും റീപ്ലാന്റേഷന് വേണ്ടിവരുന്ന ചെലവ് സർക്കാരും റബ്ബർ ബോർഡും ചേർന്ന് വഹിക്കണമെന്നും കൂടാതെ ആദിവാസികൾക്ക് ശാസ്ത്രീയ റബ്ബർകൃഷിരീതിയെ സംബന്ധിച്ച് പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(എ) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(14-9-2015-ലെ 16224/ഡി1/2014/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

അച്ചൻകോവിൽ പട്ടികവർഗ്ഗ കോളനിയിലെ കാലപ്പഴക്കംചെന്ന റബ്ബർ മരങ്ങൾ റീപ്ലാന്റ് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് റബ്ബർ ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമായാലുടൻ നടപടി സ്വീകരിക്കുന്നതാണ്.

(7-10-2015-ലെ സമിതി യോഗം അംഗീകരിച്ചു)

(ബി) <u>കൃഷി വകുപ്പിന്റെ മറുപടി</u>

(21-8-2015-ലെ കൃഷി എൻ.സിഎ 2/104/2015/കൃഷി നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

അച്ചൻകോവിൽ ആദിവാസി കോളനിയിൽ 30.75 ഹെക്ടർ സ്ഥലം 1988-89-ൽ റബ്ബർ കൃഷി ചെയ്ത് 1996-ൽ ടാപ്പിംഗ് ആരംഭിച്ചു. ഗുണഭോക്താക്കൾക്ക് ശാസ്ത്രീയ ടാപ്പിംഗ് നടത്തുന്നതിനുള്ള ട്രെയിനിംഗ് റബ്ബർ ബോർഡ് നൽകിയിരുന്നു. എന്നാൽ അശാസ്ത്രീയമായ ടാപ്പിംഗ്മൂലം പ്രസ്തുത തോട്ടങ്ങളിൽ ഉത്പാദനക്ഷമത കുറഞ്ഞ് മരങ്ങൾ നശിച്ചുകൊണ്ടിരിക്കുകയാണ്. ഇവ മുറിച്ചുമാറ്റി ആവർത്തന കൃഷി ചെയ്യുന്നതിന് ഗുണഭോക്താക്കൾ തൽപ്പരരായിട്ടുണ്ട്. കേരള സർക്കാരിന്റെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ ആവർത്തന കൃഷി പദ്ധതിക്കുവേണ്ടി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ആവശ്യമായ സാങ്കേതിക സഹായം നൽകി പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് റബ്ബർ ബോർഡ് തയ്യാറാണ്.

പട്ടികവർഗ്ഗ വികസന റബ്ബർകൃഷി പദ്ധതിക്കുവേണ്ടി 12-ാം പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന ലക്ഷ്യം കൈവരിച്ച് കഴിഞ്ഞതിനാൽ ആവർത്തന കൃഷിക്കുവേണ്ടിവരുന്ന മുഴുവൻ ചെലവ് സർക്കാരിനൊപ്പം ചേർന്ന് വഹിക്കാൻ റബ്ബർ ബോർഡിന് സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. റബ്ബർ ബോർഡിന്റെ കൃഷി വികസന പദ്ധതി യനുസരിച്ചുള്ള സഹായധനം മാത്രമേ ഇപ്പോൾ ലഭ്യമാക്കുവാൻ സാധിക്കുകയുള്ളൂ.

പ്രസ്തുത സ്ഥലത്തെ പഴയ റബ്ബർ മരങ്ങൾ ട്രൈബൽ ഡിപ്പാർട്ട്മെന്റിന്റെ മേൽനോട്ടത്തിൽ മുറിച്ചുമാറ്റി ആവർത്തന കൃഷിക്ക് ഉപയുക്തമായ രീതിയിൽ സ്ഥലം ലഭ്യമാക്കേണ്ടതുമാണ്.

(15-9-2015-ലെ സമിതി യോഗം അംഗീകരിച്ചു)

<u>ശിപാർശ നമ്പർ 25 (ഖണ്ഡിക നമ്പർ 38)</u>

അപകടസ്ഥിതി നേരിടുന്ന പ്രദേശങ്ങളിൽ അച്ചൻകോവിലാറിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ വനത്തിനുള്ളിൽനിന്നും കോളനിയിലേക്ക് ഒഴുകുന്ന തോടുകൾക്കും സംരക്ഷണഭിത്തി നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(എ) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(14-9-2015-ലെ 16224/ഡി1/2014/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

അച്ചൻകോവിലാറിനും വനത്തിനുള്ളിൽനിന്ന് കോളനിയിലേക്ക് ഒഴുകുന്ന തോടുകൾക്കുമുള്ള സംരക്ഷണഭിത്തി നിർമ്മാണം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് വനം വകുപ്പ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വനം വകുപ്പ് അറിയിച്ചിട്ടുണ്ട്.

(7-10-2015-ലെ സമിതി യോഗം അംഗീകരിച്ചു.)

(ബി) <u>വനം-വന്യജീവി വകുപ്പിന്റെ മറുപടി</u>

(3-8-2015-ലെ 10125/സി1/2014/വനം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

അച്ചൻകോവിൽ സെറ്റിൽമെന്റ് കോളനിയിൽക്കൂടി ഏകദേശം ഒരു കിലോമീറ്റർ നീളത്തിൽ അളിഞ്ചമൺ ഭാഗത്തുനിന്നും വരുന്ന തോട്ടിൽ മഴക്കാലത്ത് ശക്തമായ തോതിൽ വെള്ളമൊഴുകി സമീപ തീരങ്ങളിലെ മണ്ണിടിഞ്ഞുവീണ് ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ റബ്ബർ തോട്ടത്തിന് നാശനഷ്ടം നേരിടുന്നതായി കണ്ടുവരുന്നു. ഏകദേശം 250 മീറ്റർ നീളത്തിൽ കടന്നുപോകുന്ന ശംഖുപിലാൻമൂട് തോട്ടിൽ മഴക്കാലത്ത് ശക്തമായി വെള്ളമൊഴുകുന്നതിനാൽ ടി പ്രദേശത്ത് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(15-9-2015-ലെ സമിതി യോഗം അംഗീകരിച്ചു.)

(സി) <u>റവന്യൂ വകുപ്പിന്റെ മറുപടി</u>

(17-8-2015-ലെ 49453/പി3/2014/റവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമപ്രകാരം രൂപീകൃതമായ ജില്ലാതല വിദഗ്ദ്ധ സമിതിയിൽ അച്ചൻകോവിലാറിന് സംരക്ഷണഭിത്തി കെട്ടുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് തീരുമാനം കൈക്കൊണ്ട് പ്രസ്തുത പ്രൊപ്പോസൽ സംസ്ഥാന ഉന്നതതല സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ കൊല്ലം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അച്ചൻകോവിലാറിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ഉടനടി സമർപ്പിക്കുവാനാണ് ജില്ലാ കളക്ടറോട് ഈ വകുപ്പിന്റെ അണ്ടർ സെക്രട്ടറിയുടെ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുള്ളത്. പ്രസ്തുത വിഷയം അടുത്തുചേരുന്ന സംസ്ഥാന ഉന്നതതല സമിതി മുമ്പാകെ വിഷയീഭവിപ്പിച്ച് സമിതി നിർദ്ദേശം നടപ്പിലാക്കുന്നതാണ്.

(19-8-2015-ലെ സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 26 (ഖണ്ഡിക നമ്പർ 39)

അച്ചൻകോവിൽ ആദിവാസി കോളനിയിലെ ശൈശവ വിവാഹങ്ങൾ തടയുന്നതിനായി രക്ഷിതാക്കളുടെയിടയിൽ ബോധവൽക്കരണം നടത്തണമെന്നും ആവശ്യമെങ്കിൽ ശക്തമായ നിയമനടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(11-8-2015-ലെ 15692/ഡി1/2015/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

അച്ചൻകോവിൽ ആദിവാസി കോളനിയിലെ ശൈശവ വിവാഹങ്ങൾ തടയുന്നതിനായി രക്ഷിതാക്കളുടെ ഇടയിൽ ബോധവൽക്കരണം നടത്തിയിട്ടുണ്ട്.

(12-8-2015-ലെ സമിതി യോഗം അംഗീകരിച്ചു)

(ബി) ആഭ്യന്തര വകുപ്പിന്റെ മറുപടി

(4-6-2015-ലെ 82595/ജി3/2014/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

അച്ചൻകോവിൽ ആദിവാസി വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും അവഗണിക്കപ്പെടേണ്ട വിഭാഗമല്ല അവരെന്ന ബോധം അവരിൽ ഉളവാക്കുന്നതിനും ശൈശവ വിവാഹങ്ങൾപോലുള്ളവ തടയുന്നതിനുമായി ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും അദാലത്തുകളും ജില്ലാ പോലീസ് മേധാവി ഉദ്ഘാടനം ചെയ്തിട്ടുള്ളതും ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, വാർഡ് മെമ്പർമാർ തുടങ്ങിയ ജനപ്രതിനിധികൾ കൂടാതെ ട്രൈബൽ ഡെവലപ്മെന്റ്, ആരോഗ്യം, ഫോറസ്റ്റ് തുടങ്ങിയ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ പങ്കെടുത്ത ബോധവൽക്കരണ ക്ലാസ്സിൽ ആദിവാസി ഊരുമൂപ്പന്മാർ, പട്ടികവർഗ്ഗ ആദിവാസി കുടുംബങ്ങളിൽ നിന്നുള്ള അംഗങ്ങൾ എന്നിവർ പങ്കെടുത്തു. പട്ടികജാതി-പട്ടികവർഗ്ഗ ആദിവാസി വിഭാഗങ്ങളുടെ ക്ഷേമത്തിനും ആരോഗ്യ സംരക്ഷണത്തിനും ശൈശവ വിവാഹം തടയൽ സംബന്ധിച്ചും കൂടാതെ അവരുടെ അവകാശങ്ങൾ സംബന്ധിച്ചുള്ള അറിവ് നൽകുന്നതിനും ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും തുടർന്നും കൊല്ലം റൂറൽ ജില്ലയിലെ ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് പ്രത്യേകിച്ച് അച്ചൻകോവിലിൽ നടത്തുന്നതുമാണ്. കൂടാതെ ശൈശവ വിവാഹം പോലുള്ള നിയമവിധേയമല്ലാത്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ നിയമനടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതുമാണ്.

(15-9-2015-ലെ സമിതി യോഗം അംഗീകരിച്ചു)

ശിപാർശ നമ്പർ 27 (ഖണ്ഡിക നമ്പർ 40)

ആര്യങ്കാവ് സർവ്വീസ് സഹകരണ ബാങ്കിന്റെ ഒരു ശാഖ അച്ചൻകോവിലിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സഹകരണ വകുപ്പിന്റെ മറുപടി

(17-8-2015-ലെ 13996/സി1/2013/സഹ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

സമിതിയുടെ ശിപാർശയിന്മേൽ ആവശ്യമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിരുന്നു. ആര്യങ്കാവ് സർവ്വീസ് സഹകരണ ബാങ്കിന് അനുവദിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്ന അച്ചൻകോവിൽ ശാഖ, അച്ചൻകോവിൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം ക്യൂ.501-ന്റെ പ്രവർത്തനപരിധിയിൽപ്പെടുന്ന പ്രദേശമാണ്. അറ്റനഷ്ടത്തിൽ പ്രവർത്തിച്ച പ്രസ്തുത ബാങ്കിനെ പുനരുജ്ജീവിപ്പിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ബാങ്ക് സമാപ്തീകരിക്കുന്നതിന് ശിപാർശ ചെയ്തിട്ടുള്ളതാണ്.

ഹർജിയിൽ സൂചിപ്പിച്ച പ്രകാരം അച്ചൻകോവിൽ പ്രദേശം ബാങ്കിംഗ് സൗകര്യങ്ങൾ യാതൊന്നും ലഭ്യമല്ലാത്ത പ്രദേശമാണ്. ഈ പ്രദേശത്തെ ജനങ്ങൾക്ക് ബാങ്കിംഗ് സൗകര്യം ലഭ്യമാക്കേണ്ടത് അത്യന്താപേക്ഷിതവുമാണ്. അച്ചൻകോവിൽ സർവ്വീസ് സഹകരണ ബാങ്കിനെ പുനരുജ്ജീവിപ്പിക്കാൻ പറ്റാത്ത സാഹചര്യത്തിൽ ടി ബാങ്കിനെ സമാപ്തീകരിക്കുന്നമുറയ്ക്ക് മാത്രമേ ആര്യങ്കാവ് സർവ്വീസ് സഹകരണ ബാങ്കിന്റെ ബൈലായിൽ ഭേദഗതി വരുത്തി അച്ചൻകോവിൽ പ്രദേശം പ്രവർത്തനപരിധിയിൽ ഉൾപ്പെടുത്തി ആര്യങ്കാവ് സർവ്വീസ് സഹകരണ ബാങ്കിന് അച്ചൻകോവിൽ ശാഖ അനുവദിക്കാൻ കഴിയൂ. എന്നാൽ സർക്കാരിന്റെ/രജിസ്ട്രാറുടെ പ്രത്യേക അനുമതിയോടെ ടി പ്രദേശത്തേക്കുകൂടി ആര്യങ്കാവ് സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനപരിധി വ്യാപിപ്പിക്കാവുന്നതാണ്. ആയതിനായി ടി പ്രദേശംകൂടി പ്രവർത്തനപരിധിയായി അനുവദിക്കുന്നതിന് തീരുമാനം കൈക്കൊണ്ട് അപേക്ഷ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ആര്യങ്കാവ് സർവ്വീസ് സഹകരണ ബാങ്ക് അച്ചൻകോവിൽ ശാഖയ്ക്കായി തയ്യാറാക്കിയ അപേക്ഷയും അനുബന്ധങ്ങളും കൊല്ലം ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ സമർപ്പിക്കുകയും ടി അപേക്ഷ പരിശോധിച്ചതിൽ നിന്നും അച്ചൻകോവിൽ പ്രദേശം ആര്യങ്കാവ് സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനപരിധിയിൽ നിലവിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഏറ്റവും അടുത്ത് കൂടുന്ന പൊതുയോഗത്തിൽ വച്ച് അച്ചൻകോവിൽ പ്രദേശംകൂടി ആര്യങ്കാവ് സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനപരിധിയിലുൾപ്പെടുത്തി ബൈലാ ഭേദഗതി ചെയ്യാമെന്നും അതിനാൽ അച്ചൻകോവിൽ ആസ്ഥാനമാക്കി ആര്യങ്കാവ് സർവ്വീസ് സഹകരണ ബാങ്കിന് ശാഖ അനുവദിക്കണമെന്നമാണ് ഭരണ സമിതി അപേക്ഷിച്ചിരിക്കുന്നത് എന്ന് ജോയിന്റ് രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അച്ചൻകോവിൽ പ്രദേശം ആര്യങ്കാവ് സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനപരിധിയിൽ ഉൾപ്പെടാത്തതിനാലും ക്ലിപ്തം ക്യൂ.501 അച്ചൻകോവിൽ സർവ്വീസ് സഹകരണ ബാങ്കിന്റെ സമാപ്തീകരണ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാലും

അച്ചൻകോവിൽ ശാഖ അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകുന്നതിന് ആര്യങ്കാവ് സർവ്വീസ് സഹകരണ ബാങ്കിന്റെ പൊതുയോഗ തീരുമാനം ലഭിച്ചാലുടൻ നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(19-8-2015-ലെ സമിതി യോഗം അംഗീകരിച്ചു)

<u>ശിപാർശ നമ്പർ 28 (ഖണ്ഡിക നമ്പർ 41)</u>

അച്ചൻകോവിൽ ആദിവാസി കോളനിയിൽ നിർമ്മാണം ആരംഭിച്ച കമ്മ്യൂണിറ്റി ഹാൾ അടിയന്തരമായി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കണമെന്നും കൂടാതെ കോളനിയിൽ നിലവിലുള്ള ലൈബ്രറിയും വായനശാലയും വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും കൂടുതൽ പ്രയോജനകരമായ രീതിയിൽ പ്രവർത്തിപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(എ) <u>തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി</u>

(18-8-2015-ലെ 117081/ഡി.ബി2/15/തസ്വഭവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

അച്ചൻകോവിൽ പട്ടികവർഗ്ഗ കോളനിയിൽ അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഗ്രാമവികസന വകുപ്പ് മുഖേന നിർമ്മിച്ച കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. കോളനിയിൽ നിലവിലുള്ള വായനശാല ഗ്രാമപഞ്ചായത്തിന്റെ മേൽനോട്ടത്തിലല്ല പ്രവർത്തിച്ചുവരുന്നത്. ടി വായനശാല പട്ടികവർഗ്ഗ വകുപ്പിന്റെ സഹകരണത്തോടെയാണ് പ്രവർത്തിക്കുന്നത്. യുവജനങ്ങൾക്ക് കളിസ്ഥലം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ വനം വകുപ്പിന് നിർദ്ദേശം നൽകുന്നതാണ്.

(19-8-2015-ലെ സമിതി യോഗം അംഗീകരിച്ചു.)

(ബി) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(11-8-2015-ലെ 16234/ ഇ 1/14/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

അച്ചൻകോവിൽ പട്ടികവർഗ്ഗ കോളനിയിൽ നിർമ്മാണം ആരംഭിച്ച കമ്മ്യൂണിറ്റി ഹാൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപ്പുവർഷത്തെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ഹാൾ പ്രവർത്തനം ആരംഭിക്കുന്നതിനോടൊപ്പം തന്നെ ടി കെട്ടിടത്തിൽ ലൈബ്രറിയും വായനശാലയും ഇന്റർനെറ്റ് കണക്ഷനോടുകൂടിയ കമ്പ്യൂട്ടറും സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(12-8-2015-ലെ സമിതി യോഗം അംഗീകരിച്ചു)

ശിപാർശ നമ്പർ 29 (ഖണ്ഡിക നമ്പർ 41)

കോളനിയിലെ യുവജനങ്ങളുടെ കായികാഭിരുചി പ്രോത്സാഹിപ്പിക്കുന്നതിനായി കളിസ്ഥലം അനിവാര്യമായതിനാൽ കമ്മ്യൂണിറ്റി ഹാളിന്റെ സമീപത്തുള്ള സ്ഥലം കളിസ്ഥലത്തിനായി വിട്ടുനൽകാൻ വനം വകുപ്പ് തയ്യാറാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

വനം-വന്യജീവി വകുപ്പിന്റെ മറുപടി

(3-8-2015-ലെ 10125/സി1/2014/വനം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ആദിവാസി യുവജനങ്ങളുടെ കായികാഭിരുചി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കമ്മ്യൂണിറ്റി ഹാളിന്റെ സമീപത്തുള്ള സ്ഥലം വിട്ടുനൽകണമെന്ന ശിപാർശ പരിശോധിച്ചതിൽ ടി ആവശ്യം വനാവകാശ നിയമപ്രകാരമുള്ള സാമൂഹിക വനാവകാശത്തിന്റെ പരിധിയിൽ വരുന്നതും അതിനുള്ള അപേക്ഷ അച്ചൻകോവിൽ വനാവകാശ കമ്മിറ്റിക്ക് മുമ്പാകെവച്ച് അംഗീകാരം നേടി തുടർന്ന് സബ്ഡിവിഷണൽ ലെവൽ കമ്മിറ്റി, ഡിവിഷണൽ ലെവൽ കമ്മിറ്റി എന്നീ കമ്മിറ്റികൾ അംഗീകരിക്കേണ്ടതുണ്ട്. അതിനുള്ള അപേക്ഷ ലഭ്യമാകുന്നമുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതുമാണ്.

(15-9-2015-ലെ സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 30 (ഖണ്ഡിക നമ്പർ 42)

ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുത്ത്, അച്ചൻകോവിൽ കേന്ദ്രമാക്കി പുതിയ വില്ലേജ് ഓഫീസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

റവന്യൂ വകുപ്പിന്റെ മറുപടി

(13-8-2015-ലെ 51492/എഫ്2/2014/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

പുനലൂർ താലൂക്കിൽ ഉൾപ്പെട്ട ആര്യങ്കാവ് വില്ലേജിന്റെ ഭാഗമായ അച്ചൻകോവിൽ സർവ്വേ 280/11, 281/1 മുതലായ സർവ്വേ നമ്പരുകളിലായി 260.39 ഏക്കർ പതിവ് ഭൂമിയും 33.98 ഏക്കർ പുറമ്പോക്ക് ഭൂമിയുമാണ് പ്രസ്തുത പ്രദേശത്തുള്ളത്. ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ 1, 2 എന്നീ വാർഡുകൾ അച്ചൻകോവിലിൽ ഉൾപ്പെട്ടുവരുന്നു. ഇവിടെ 162 ആദിവാസി കുടുംബങ്ങളിലെ അംഗങ്ങളുൾപ്പെടെ 2000-ത്തോളം ജനസംഖ്യയാണുള്ളത്. ഇവിടെ അച്ചൻകോവിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, കാനയാർ, കല്ലാർ, അച്ചൻകോവിൽ ഫോറസ്റ്റ് റെയിഞ്ച് ഓഫീസുകൾ, ഗവൺമെന്റ് ലോവർ പ്രൈമറി, ഹയർ സെക്കൻഡറി സ്കൂളുകൾ, പ്രാഥമിക ആരോഗ്യ കേന്ദ്രം, ഫോറസ്റ്റ് ഡിപ്പോ ഓഫീസ്, പോസ്റ്റ് ഓഫീസ്, ഗവൺമെന്റ് ഡിസ്പെൻസറി, പോലീസ് എയ്ഡ് പോസ്റ്റ് (തെന്മല പോലീസ് സ്റ്റേഷൻ) എന്നിവ പ്രവർത്തിക്കുന്നുമുണ്ട്.

ആദിവാസികൾ ഉൾപ്പെടെയുള്ള ജനങ്ങൾക്ക് ഇപ്പോൾ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി ആര്യങ്കാവ് വില്ലേജ് ഓഫീസിൽ എത്തുന്നതിന് 44 കിലോമീറ്ററോളം സഞ്ചരിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ അച്ചൻകോവിൽ കേന്ദ്രമാക്കി പുതുതായി ഒരു വില്ലേജ് രൂപീകരിച്ചാൽ ടി പ്രദേശത്തെ ജനങ്ങൾക്ക് വളരെയധികം ഉപകാരപ്രദമായിരിക്കുമെന്നുള്ള വിവരം ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അച്ചൻകോവിൽ കേന്ദ്രമാക്കി പുതിയ വില്ലേജ് രൂപീകരിക്കുന്നതിന് ആവശ്യമായ തസ്തിക, സാമ്പത്തികബാദ്ധ്യത എന്നിവയുൾപ്പെട്ട വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ 3-8-2015-ലെ എൽ.ആർ.(എം1) 12426/15 നമ്പർ കത്ത് പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം വില്ലേജ് രൂപീകരണത്തിനായി ചുവടെ പറയുന്ന ആറ് തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്:

| തസ്തിക | എണ്ണം |
|---|---|
| വില്ലേജ് ഓഫീസർ | 1 |
| വില്ലേജ് അസിസ്റ്റന്റ്/സ്പെഷ്യൽ വില്ലേജ് ഓഫീസർ | 2 |
| വില്ലേജ്മാൻ | 2 |
| പാർട്ട്-ടൈം സ്വീപ്പർ | 1 |
| ആകെ | 6 (ആറ്) |

കൂടാതെ വില്ലേജാഫീസിനായി കെട്ടിട നിർമ്മാണവും അടിസ്ഥാന സൗകര്യ വികസനവും നടത്തുന്നതിനും വില്ലേജ് ഓഫീസ് പ്രവർത്തനത്തിനായി പുതിയ തസ്തിക സൃഷ്ടിക്കുമ്പോൾ ഉണ്ടാകുന്ന ജീവനക്കാരുടെ വാർഷിക ശമ്പളത്തിനായി ചുവടെ പറയുന്ന തുകയുടെ വിവരവും ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ചിട്ടുണ്ട്:

നോൺ-റിക്കറിംഗ് ചാർജ്ജുകൾ ആകെ

| | |
|---|---|
| 1. വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം | 32,00,000 |
| 2. അടിസ്ഥാന സൗകര്യ വികസനം | 3,79,150 |
| ആകെ | 35,79,150 |

റിക്കറിംഗ് ചാർജ്ജുകൾ

ജീവനക്കാരുടെ ആകെ വാർഷിക ശമ്പളം 12,64,056

അച്ചൻകോവിൽ വില്ലേജ് രൂപീകരണവുമായി ബന്ധപ്പെട്ട് ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം/അംഗീകാരം തേടേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(19-8-2015-ലെ സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 31 & 32 (ഖണ്ഡിക നമ്പർ 43)

അച്ചൻകോവിലിൽ നിന്നും പ്രിയ എസ്റ്റേറ്റ് വഴി കഴുതുരുട്ടിയിലേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഗതാഗതയോഗ്യമല്ലാതായി മാറിയ അച്ചൻകോവിൽ-അലിമുക്ക് റോഡ് അടിയന്തരമായി അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(എ) വനം-വന്യജീവി വകുപ്പിന്റെ മറുപടി

(10-6-2015-ലെ 10149/ഡി1/2014/വനം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

അച്ചൻകോവിലിൽ നിന്നും പ്രിയ എസ്റ്റേറ്റ് വഴി കഴുതുരുട്ടിയിലേക്കുള്ള റോഡ് 16 കി. മീ. ദൂരമുണ്ട്. ഈ റോഡിന്റെ അച്ചൻകോവിലിൽ നിന്നും ആദ്യഘട്ടമായ 2.6 കി. മീ. ഇക്കഴിഞ്ഞ സീസണിൽ മെറ്റൽ ചെയ്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തിവരുന്നു. അച്ചൻകോവിൽ-അലിമുക്ക് റോഡിന്റെ അച്ചൻകോവിൽ വനം ഡിവിഷനിൽ വരുന്ന ഭാഗം 2014-15-ൽ റീടാറിംഗ് നടത്തിയിട്ടുണ്ട്. കോന്നി വനം ഡിവിഷനിലെ ഒരു ഭാഗവും റീടാർ ചെയ്തു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് റീടാറിംഗ് നടത്തിവരുന്നു.

(15-9-2015-ലെ സമിതി യോഗം അംഗീകരിച്ചു.)

(ബി) പൊതുമരാമത്ത് വകുപ്പിന്റെ മറുപടി

(23-4-2015-ലെ 8331/ജി3/2015/പൊ.മ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ഗതാഗതയോഗ്യമല്ലാത്ത അച്ചൻകോവിൽ-അലിമുക്ക്-റോഡ് അടിയന്തരമായി അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കണമെന്നതാണ് പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ (2014-16) ശിപാർശ. മേൽശിപാർശയിന്മേൽ പരാമർശിച്ചിട്ടുള്ള റോഡിൽ, കഴുതുരുട്ടിയിൽ നിന്നും പ്രിയ എസ്റ്റേറ്റ് വഴി അച്ചൻകോവിലിലേക്കുള്ള റോഡിൽ കഴുതുരുട്ടി മുതൽ അമ്പനാട് വരെയുള്ള എട്ട് കിലോമീറ്റർ ദൂരമാണ് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ഉള്ളത്. ഈ ഭാഗം സഞ്ചാരയോഗ്യമാക്കിയിട്ടുള്ളതാണ്.

ബാക്കിയുള്ള ഭാഗം പ്രിയ എസ്റ്റേറ്റിന്റെയും വനം വകുപ്പിന്റെയും അധീനതയിലാണ്. അലിമുക്ക്-അച്ചൻകോവിൽ റോഡിൽ അലിമുക്ക് മുതൽ കറവൂർ വരെയുള്ള 4.2 കി. മീ. ദൂരം മാത്രമാണ് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ഉള്ളത്. ഈ ഭാഗം അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കിയിട്ടുള്ളതാണ്. തുടർന്നുള്ള ഭാഗങ്ങൾ പ്ലാന്റേഷൻ കോർപ്പറേഷന്റെയും പിറവന്തൂർ പഞ്ചായത്തിന്റെയും, വനം വകുപ്പിന്റെയും അധീനതയിലാണ്. ചെയിനേജ് 22/500 മുതൽ 30/900 വരെയുള്ള ഭാഗം മഴയെത്തുടർന്ന് ഒലിച്ചുപോയതിനാൽ ഗതാഗതയോഗ്യമല്ല. എൻ. എച്ച്. 744-ൽ ആര്യങ്കാവ് മേൽപ്പാലത്തിന്റെ പണിയുമായി ബന്ധപ്പെട്ട ഗതാഗതം നിരോധിച്ചതിനാൽ തമിഴ്നാട്ടിൽ നിന്നും കേരളത്തിലേക്കുള്ള പ്രവേശന റോഡായി മാറിയത് റോഡിന്റെ സ്ഥിതി കൂടുതൽ മോശമായി. ജില്ലാ കളക്ടർ അടിയന്തരമായി പൊതുമരാമത്തിനെ യുദ്ധകാലാടിസ്ഥാനത്തിൽ താല്ക്കാലികമായി റോഡ് മെച്ചപ്പെടുത്തുവാൻ നിർദ്ദേശിച്ചതനുസരിച്ച് കി. മീ. 20/400 മുതൽ 24/900 വരെയും കി. മീ. 25/600 മുതൽ 30/900 വരെയും (അഞ്ച് ലക്ഷം രൂപ വീതം) രണ്ട് പ്രവൃത്തികൾ നടത്തി ഗതാഗതയോഗ്യമാക്കിയിട്ടുള്ളതാണ്. 40 കോടി രൂപയുടെ പദ്ധതിരേഖ പിൽഗ്രിം ടൂറിസം ഡെവലപ്മെന്റ് എന്ന കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി അച്ചൻകോവിൽ-അലിമുക്ക് റോഡിന്റെ പുനരുദ്ധാരണത്തിനായി ഭരണാനുമതിക്കുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ പത്തനംതിട്ട റോഡ്സ് ഡിവിഷൻ മുഖേന സമർപ്പിച്ചിട്ടുണ്ടെന്നും നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിരിക്കുന്നു.

(19-8-2015-ലെ സമിതി യോഗം അംഗീകരിച്ചു)

## (സി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി

(17-6-2015-ലെ 57791/ഡി.എ 3/14/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ആര്യങ്കാവ് ഗ്രാമപഞ്ചായത്ത് ആസ്ഥാനമായ കഴുതുരുട്ടിയിൽ നിന്നും അച്ചൻകോവിലിലേക്കുള്ള പാത നിലവിൽ അമ്പനാട് അരണ്ടൽ വരെ സഞ്ചാരയോഗ്യമാണ്. 2013-14 വാർഷിക പദ്ധതിയിൽ 16,02,112 രൂപ വകയിരുത്തി അരണ്ടൽ മുതൽ 800 മീറ്റർ ഭാഗം ദൂരം റോഡ് ടാറിംഗ് നടത്തിയിട്ടുണ്ട്. 2014-15 വാർഷിക പദ്ധതിയിൽ 12,00,000 രൂപ ടി റോഡിനായി വകയിരുത്തിയിട്ടുണ്ട്. അച്ചൻകോവിൽ-അലിമുക്ക് റോഡ് പൂർണ്ണമായും വനം വകുപ്പിന്റെ അധീനതയിലുള്ളതാണ്. ടി റോഡിൽ അച്ചൻകോവിൽ കോട്ടവാസൽ മുതൽ ചിറ്റാർ പാലം വരെയാണ് ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഭാഗം. പ്രസ്തുത ഭാഗം 5 കി. മീ. ദൂരം റോഡ് പൂർണ്ണമായും ഗതാഗതയോഗ്യമാണ്.

(19-8-2015-ലെ സമിതി യോഗം അംഗീകരിച്ചു)

<u>ശിപാർശ നമ്പർ 33 (ഖണ്ഡിക നമ്പർ 44)</u>

അച്ചൻകോവിലിലെ ആദിവാസി സമൂഹത്തിന്റെ സാമ്പത്തിക, സാമൂഹ്യ ഉന്നമനം, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസ പുരോഗതി എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് കോളനിയുടെ സമഗ്രവികസനത്തിനായി പ്രത്യേക പാക്കേജ് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(11-8-2015-ലെ 16234/ഇ 1/2014/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

14-ാം ധനകാര്യ കമ്മീഷൻ അവാർഡ് ഉപയോഗിച്ച് അച്ചൻകോവിൽ കോളനിയിലെ മലപണ്ടാരം വിഭാഗത്തിൽപ്പെട്ട എല്ലാവരുടെയും സമഗ്രവികസനത്തിനായി പ്രത്യേക പാക്കേജിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ടി ഫണ്ട് ഉപയോഗിച്ച് സമഗ്രവികസന പദ്ധതി നടപ്പിലാക്കുന്നതാണ്.

(12-8-2015-ലെ സമിതി യോഗം അംഗീകരിച്ചു.)

വി. പി. സജീന്ദ്രൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2015 നവംബർ 25.